**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ –213** **06.11.2019-ലെ മറുപടി**

**നദികളിലെ മലിനീകരണം സംബന്ധിച്ച ഹരിത ട്രൈബ്യൂണൽ വിധി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ടി.എ.അഹമ്മദ് കബീർ<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ഡോ.എം. കെ. മുനീർ<br>ശ്രീ.പി.ഉബൈദുള്ള | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നദികൾ രൂക്ഷമായ മലിനീകരണം നേരിടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ നദികൾ രൂക്ഷമായ മലിനീകരണം നേരിടുന്നതായി വിവിധ പഠനറിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. |
| (ബി) | നദികളിലെ മലിനീകരണം തടയുന്നതിൽ വീഴ്ച വരുത്തിയതിന് ദേശീയ ഹരിത ട്രൈബ്യൂണൽ സർക്കാരിന് പിഴ ചുമത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (ബി) | ഇല്ല. O.A 673/18 നമ്പർ കേസിലെ ബഹു. ദേശീയ ഹരിത ട്രിബ്യൂണലിന്റെ 20.09.2018 തീയതിയിലെ ഉത്തരവനുസരിച്ച് മലിനീകരിക്കപ്പെട്ട നദീഭാഗങ്ങളുടെ പുനരുജ്ജീവനത്തിനായി എല്ലാ സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും കർമ്മപദ്ധതി തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് മലിനീകരണം നേരിടുന്നതായി കണ്ടെത്തിയിട്ടുള്ള 21 നദീഭാഗങ്ങളിൽ ഒന്നായ കരമന നദീഭാഗത്തിന്റെ കർമ്മപദ്ധതി ദേശീയ ഹരിത ട്രിബ്യൂണൽ അംഗീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 20 നദീഭാഗങ്ങളുടെ പുനരുജ്ജീവനത്തിനായി തയ്യാറാക്കിയ കർമ്മപദ്ധതി ബഹു. ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവ് പ്രകാരം രൂപീകരിച്ച സംസ്ഥാന റിവർ റിജുവനേഷൻ കമ്മിറ്റി അംഗീകരിച്ചതിനെ തുടർന്ന് കേന്ദ്ര മലിനീകരണനിയന്ത്രണ ബോർഡിലും ബഹു. ദേശീയ ഹരിത ട്രിബ്യൂണലിലും സമർപ്പിച്ചിട്ടുണ്ട്. O.A 673/18 നമ്പർ കേസിലെ ബഹു. ദേശീയ ഹരിത ട്രിബ്യൂണലിന്റെ 08.04.2019 തീയതിയിലെ ഉത്തരവനുസരിച്ച് ടി കർമ്മപദ്ധത് നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് 15 കോടിയുടെ പെർഫോർമൻസ് ഗ്യാരന്റി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിക്കേണ്ടതുണ്ട്. ഇക്കാര്യത്തിനായി സർക്കാർ ഉത്തരവ് നമ്പർ 571/2019/ജ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ